**ഭരണഭാഷ - മാതൃഭാഷ**

നമ്പർ പി 1/19681/2018/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 28/05/2019
ഫോൺ : 0471 2303107

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പ്രിൻസിപ്പൽ
മഹാരാജാസ് കോളേജ്,
എറണാകുളം.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ആട്ടോണമി ഫണ്ട് വിനിയോഗം സംബന്ധിച്ച റിപ്പോർട്ട് ആരായുന്നത് - സംബന്ധിച്ച്.

സൂചന:- 1) താങ്കളുടെ 6/5/2019 തീയതിയിലെ നമ്പരില്ലാത്ത കത്ത്.
2) 08/04/2019 തീയതിയിൽ ഉച്ചയ്ക്ക് 12 മണിയ്ക്ക് ആട്ടോണമിയുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ചേമ്പറിൽ ചേർന്ന മീറ്റിംഗ് മിനിട്സ്.

സൂചന (1) പ്രകാരം താങ്കളുടെ കോളേജിൽ ആട്ടോണമി നടത്തിപ്പുമായി ബന്ധപ്പെട്ട പരീക്ഷ സംബന്ധമായ ചെലവുകൾക്ക് അനുവദിച്ച തുകയിൽ ബാക്കിയുള്ളത് 2016-17, 2017-18, 2018-19 വർഷങ്ങളായി പ്രിൻസിപ്പാളിന്റെയും കൺട്രോളർ ഓഫ് എക്സാമിനേഷന്റെയും ജോയിന്റ് (Joint) അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായും പ്രസ്തുത Acumulated Fund വിനിയോഗിച്ച് സർവ്വർ ഉൾപ്പെടെയുള്ള എക്സാമിനേഷൻ സോഫ്റ്റ്വെയർ വാങ്ങുന്നതിനും എക്സാമിനേഷൻ ഹാളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും റമ്യൂണറേഷൻ നൽകുന്നതിനും അനുമതി ആരാഞ്ഞിരുന്നു. ഓരോ വർഷവും പ്ലാൻ ഫണ്ട് അനുവദിക്കുന്നത് അതാത് വർഷം വിനിയോഗിക്കേണ്ടതും ബാക്കി തുക സറണ്ടർ ചെയ്യേണ്ടതുമാണ്. എക്സാമിനേഷൻ ഫീസ് ഇനത്തിൽ കുട്ടികളിൽ നിന്നും ശേഖരിക്കുന്ന തുക ബാക്കിയുണ്ടെങ്കിൽ മേൽ പ്രസ്താവിത ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. സൂചന (2) പ്രകാരമുള്ള മീറ്റിംഗിൽ പരീക്ഷാ ചെലവുകൾക്ക് വേണ്ടി വരുന്ന മൊത്തം തുകയിൽ ഫീസിനത്തിൽ ലഭിക്കുന്നതിന് ഉപരിയായി ആവശ്യമുള്ള തുക മാത്രം പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന് തീരുമാനിച്ചിരുന്നു. മാത്രമല്ല മിനിട്സ് നമ്പർ 4 പ്രകാരം സർവ്വർ ഉൾപ്പെടെയുള്ള പരീക്ഷാ സോഫ്റ്റ്വെയറിനും പരീക്ഷാ ഹാൾ ഫർണിഷ് ചെയ്യുന്നതിനും വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന

GOVERNMENT OF KERALA 2017-18

പരീക്ഷാ ഫീസ് അക്കൗണ്ടിൽ ബാലൻസായി കിടക്കുന്ന തുക വിനിയോഗിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ചുവടെ സൂചിപ്പിക്കുന്ന വിഷയങ്ങൾക്ക് വ്യക്തമായ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ഒരാഴ്ചയ്ക്കകം ലഭ്യമാക്കുവാൻ താങ്കളോട് നിർദ്ദേശിക്കുന്നു.

(a) അതാത് വർഷം വിനിയോഗിക്കേണ്ട പ്ലാൻ ഫണ്ട് 2016-17, 2017-18, 2018-19 വർഷങ്ങളിൽ പ്രിൻസിപ്പാളിന്റെയും കൺട്രോളർ ഓഫ് എക്സാമിനേഷന്റെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചത് സംബന്ധിച്ച വിശദീകരണം ആയത് സംബന്ധിച്ച് പ്രത്യേക സർക്കാർ നിർദ്ദേശമോ ഉത്തരവോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്.

(b) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന അനുവദിക്കുന്ന പ്ലാൻ ഫണ്ടിന് ഉപരിയായി ഒരു വർഷം കോളേജിന് ഓരോ ഇനങ്ങളിലും ശേഖരിക്കുന്ന തുകകളും പ്രസ്തുത തുകകളുടെ വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Jayasreem.A

ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ജയ/29/5/19

GOVERNMENT OF KERALA 2017-18